**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254** **08-10-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ, തലശ്ശേരി, പൊന്നാനി നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നീ നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ, തലശ്ശേരി , പൊന്നാനി എന്നീ നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി ആരംഭിച്ചിട്ടുണ്ട് . ആയതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി കിഫ്ബി ഫണ്ട് മുഖേന തലശ്ശേരി നഗരത്തിൽ നടപ്പിലാക്കി വരുന്ന 8 പദ്ധതികളിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . 5 പദ്ധതികൾ പുരോഗമിച്ചു വരുന്നു. തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഫണ്ട് മുഖേന തലശ്ശേരി നഗരത്തിൽ നടപ്പിലാക്കി വരുന്ന 8 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . 2 പദ്ധതികൾ പുരോഗമിച്ചു വരുന്നു . ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കി വരുന്ന 12 പദ്ധതികളിൽ 7 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . 5 പദ്ധതികൾ പുരോഗമിച്ചു വരുന്നു . പൊന്നാനിയിൽ നിള ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . |
| (ബി) | ആലപ്പുഴ ബാക്ക് വാട്ടർ സംസ്കാരം എങ്ങനെ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ ടൂറിസത്തിന്റെ ഏറ്റവും ആകർഷകമായ ഘടകമാണ് ബാക്ക് വാട്ടറുകൾ. കായലുകളും കനാലുകളും നിറഞ്ഞ ആലപ്പുഴയുടെ സൗന്ദര്യം ലോകപ്രശസ്തമായ ഒന്നാണ് . കേരള ടൂറിസത്തിന്റെ ഏറ്റവും പ്രധാന ഉൽപ്പന്നമായ ഹൗസ് ബോട്ടുകൾ ആലപ്പുഴ ബാക്ക് വാട്ടറിന്റെ ഏറ്റവും പ്രധാന പ്രത്യേകതയാണ് . ഇതിന് കൂടുതൽ പ്രചാരം നൽകി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് . കനാൽ നവീകരണം ഉൾപ്പെടെ ഉള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു . ആലപ്പുഴയിലെ ബാക് വാട്ടർ വികസനം ഉൾപ്പെടെ ലക്ഷ്യമിട്ട് 93.17 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. 93.17 കോടിയുടെ പദ്ധതിയ്ക്ക് കേന്ദ്രത്തിൽ നിന്നും അനുമതി ലഭ്യമാക്കുവാനും സാധിച്ചു . പദ്ധതി നിലവിൽ പുരോഗമിച്ചു വരുന്നു .<br><br>ആലപ്പുഴയിലെ ബാക്ക് വാട്ടർ ടൂറിസം സംസ്കാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥിരതയുള്ള പ്രവർത്തനങ്ങൾ, പ്രാദേശികരുടെ പങ്കാളിത്തം, പ്രദേശത്തിന്റെ സവിശേഷ പൈതൃകം എന്നിവ നിലനിർത്തി ഉത്തരവാദിത്തത്തോടെ നടത്തുന്ന വികസനം പ്രാദേശിക പരമ്പരാഗതങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കാനും സന്ദർശകരുടെ അനുഭവം മെച്ചപ്പെടുത്താനും സഹായിക്കുന്നു.<br><br>• മാലിന്യ സംസ്കരണ സംവിധാനങ്ങൾ, സ്ഥിരതയുള്ള ജലഗതാഗത മാർഗങ്ങൾ എന്നിവയിലൂടെ ബാക്ക് വാട്ടറുകളുടെ പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്തുന്നു. മാലിന്യ സംസ്കരണത്തിന് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• പ്രാദേശിക കൈത്തൊഴിൽ വസ്തുക്കൾ, മത്സ്യബന്ധന രീതികൾ, ഭക്ഷണ വൈവിധ്യം എന്നിവ വിനോദ സഞ്ചാരവുമായി ഏകീകരിക്കുന്നത് പൈതൃകം സംരക്ഷിക്കുന്നു. ഭക്ഷ്യമേളകളും കൈത്തൊഴിൽ ശിൽപ്പശാലകളും സംഘടിപ്പിക്കുന്നത് വിനോദസഞ്ചാരികളെ ആകർഷിക്കുകയും കലാകാരന്മാരെയും പാചക പരമ്പരാഗതങ്ങളെയും പിന്തുണക്കുകയും ചെയ്യും. റെസ്പോൺസിബിൾ ടൂറിസം മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br>• ആലപ്പുഴയിലെ ബാക്ക് വാട്ടർ ടൂറിസം സംസ്കാരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് മുഖേന ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി മത്സരങ്ങൾ നടത്തിവരുന്നു. ഇത്തരം ആഘോഷങ്ങളിൽ വിനോദ സഞ്ചാരികളെ പങ്കെടുപ്പിക്കുന്നതിലൂടെ സമൂഹാഭിമാനവും കാഴ്ചപ്പാടും വർദ്ധിപ്പിക്കുന്നു. |
| (സി) | തലശ്ശേരിയിലെ കോളോണിയൽ വാസ്തുവിദ്യയുടെ സംരക്ഷണത്തിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | കൊളോണിയൽ വാസ്തു വിദ്യയുടെ സംരക്ഷണം മുന്നിൽ കണ്ടു തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി THP-സെയിന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് -സ്ട്രീറ്റ് ഡെവലപ്മെന്റ് തലശ്ശേരി ഹെറിറ്റേജ് |

| | | | |
|---|---|---|---|
| | | | പദ്ധതി -ഉണ്ടർട്ട് മ്യൂസിയം ഫേസ് 1,2,3 എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പൊന്നാനിയിലെ ഇസ്ലാമിക സാംസ്കാരിക പൈതൃകം എങ്ങനെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ; | (ഡി) | പഠനവിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഈ മൂന്ന് പ്രദേശങ്ങളിലെ പദ്ധതികളുടെ നടത്തിപ്പിലെ പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | സ്ഥല ലഭ്യത വിവിധ കേന്ദ്രസർക്കാർ ഏജൻസികളിൽ നിന്നുള്ള NOC, ബന്ധപ്പെട്ട വ്യക്തികളേയും സ്ഥാപനങ്ങളേയും സഹകരിപ്പിക്കൽ, അത്തരം stake holders -ന്റെ അനുമതി തുടങ്ങിയ വിഷയങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വെല്ലുവിളി നേരിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ